**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ ശശികുമാർ, കുളമുള്ളി, നാമ്പുള്ളിപ്പുര, മുണ്ടൂർ എന്നയാൾ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024</u>**

ശ്രീ ശശികുമാർ, കുളമുള്ളി, നാമ്പുള്ളിപ്പുര, മുണ്ടൂർ എന്നയാൾ നവകേരള സദസ് മുമ്പാകെ, മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും, ലൈഫ് ഭവനപദ്ധതി പ്രകാരം ധനസഹായം ലഭിച്ച് നിർമിച്ച വീട്ടും തറവാട്ടു വീട്ടും തമ്മിൽ അകലക്കുറവ് ആയതിനാൽ കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പരാതിക്കാരനെ കേട്ടു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. രണ്ട് കെട്ടിടങ്ങൾ തമ്മിൽ 2 മീറ്റർ അകലമില്ലാത്തതിനാൽ കെട്ടിടനമ്പർ നൽകാൻ കഴിയുകയില്ല എന്ന് എൽ എസ് ജി ഡി വിഭാഗം റിപ്പോർട്ട് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ രണ്ടു കെട്ടിടങ്ങൾ തമ്മിൽ ബന്ധിപ്പിച്ചോ, അകലം കിട്ടുന്ന രീതിയിൽ കെട്ടിടഭാഗം പൊളിച്ചുനീക്കിയോ ന്യൂനത പരിഹരിക്കുന്നതിനു നിയമാനുസൃതം കഴിയുമോ എന്ന് എൽ എസ് ജി ഡി വിഭാഗം മുഖാന്തരം പരിശോധിച്ച് പരാതിക്കാരനെ അറിയിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു. ഈ വിവരം 15 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതും, അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം, സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്നതിനുള്ള ചട്ടം പുറപ്പെടുവിക്കുന്ന മുറക്ക് അത് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, അത് ചട്ടപ്രകാരം പരിഗണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീ ശശികുമാർ, കുളമുള്ളി, നാമ്പുള്ളിപ്പുര, മുണ്ടൂർ